## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **07.11.2019-ൽ മറുപടിക്ക്**
**ചോദ്യം നം.3241**

### മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ശാക്തീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ**<br>**,, കെ.ജെ. മാക്സി**<br>**,, സി.കൃഷ്ണൻ**<br>**,, എൻ. വിജയൻ പിള്ള :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളെ സാമ്പത്തികമായി ശാക്തീ കരിക്കുന്നതിനായി വള്ളങ്ങളുടെയും വല ഉൾപ്പെടെയുള്ള മത്സ്യബന്ധനോപകരണങ്ങളുടെയും ഉടമകളാക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കടലിൽനിന്നും പിടിക്കുന്ന മീനിന്റെ വില നിശ്ചയിക്കാൻ പ്രാപ്തി നേടും വിധം മത്സ്യത്തൊഴിലാളികളുടെ വിലപേശൽ ശേഷി വർദ്ധിപ്പിക്കുന്നതിനും വിപണന ശൃംഖല ആധുനീകരിച്ച് വിപുലീകരിക്കുന്നതിനുമുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; ഓൺലൈൻ മത്സ്യവിൽപനയും റെഡി റ്റു കുക്ക് ഉത്പന്നങ്ങളുടെ വിൽപനയും വ്യാപിപ്പിക്കാൻ പരിപാടിയുണ്ടോ; | (ബി) | പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങളിൽ മുഴുവൻ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളെയും അംഗങ്ങളാക്കി തീരദേശലേലം സംഘടിപ്പിക്കുക വഴി ആദ്യ വിൽപ്പനയിൽ സഹകരണ സംഘങ്ങൾ ഇടപെടുന്നു. ഇത് വഴി സംസ്ഥാനത്ത് ഏകീകരിച്ച ലേല സംവിധാനം നടപ്പിൽ വരുത്തുവാനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വില ഉറപ്പ് വരുത്തുന്നതിനും കഴിയുന്നുണ്ട്. മത്സ്യ വിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം എയർ കണ്ടീഷൻ സംവിധാനത്തോടു കൂടിയ 37 ഹൈടെക്ക് ഫിഷ് മാർട്ടുകൾ സർക്കാർ ധന സഹായത്തോടെ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി തിരുവനന്തപുരത്ത്-2, കൊല്ലത്ത്-2. ആലപ്പുഴയിൽ ഒന്നും സഞ്ചരിക്കുന്ന മത്സ്യ വിൽപനശാല(അന്തിപച്ച) പ്രവർത്തിച്ചു വരുന്നു. റെഡി റ്റു കുക്ക് & റെഡി റ്റു ഈറ്റ് ഉൽപ്പന്നങ്ങളായ മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, കട് ലെറ്റ് ചെമ്മീൻ ചമ്മന്തിപൊടി, ചെമ്മീൻ റോസ്റ്റ്, ഫിഷ് കറി മിക്സ് (സ്പൈസി & തേങ്ങ ചേർത്തത്) ഫിഷ് ഫ്രൈ മസാല എന്നിവ "മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ്"എന്ന ബ്രാന്റിൽ മത്സ്യഫെഡ് വിപണിയിൽ എത്തിച്ചിട്ടുണ്ട്. മത്സ്യഫെഡ് വഴി ഓൺലൈൻ മത്സ്യ വ്യാപാരം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ബോർഡ് എന്നിവ വഴി നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം **അറിയിക്കാമോ?** | (സി) | മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ബോർഡ് എന്നിവ മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

[redacted]

അനുബന്ധം

A. മത്സ്യഫെഡ് വഴി നടപ്പാക്കി വരുന്ന പദ്ധതികൾ

**1. എൻ.സി.ഡി.സി. ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി**

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലികരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യമേഖല ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ പലിശ രഹിത വായ്പയായിട്ടാണ് നൽകുന്നത്.

**2. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ**

a. ടേം വായ്പകൾ

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തു വരുന്നു.

b. മൈക്രോഫിനാൻസ് വായ്പ

മത്സ്യഫെഡുമായി അഫിലേറ്റ് ചെയ്തു പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായം ഗ്രൂപ്പുകൾ വഴി മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. വ്യക്തികൾക്ക് ആദ്യ വായ്പയായി 10000/- രൂപയും ലഘു സംരംഭങ്ങൾ നടത്തുന്നതിന് തുടർ വായ്പയായി 50,000/- രൂപ വരെ പരമാവധി 6% പലിശ നിരക്കിൽ സ്വയം സഹായ ഗ്രൂപ്പുകൾ വഴി വിതരണം ചെയ്തു വരുന്നു.

**3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി**

മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10000/- രൂപ ഒരു വർഷ കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാകുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**4. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം**

മത്സ്യഫെഡ് മൈക്രോഫിനാൻസ്, പലിശ രഹിത വായ്പ എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പ എടുക്കുന്ന ഗുണഭോക്താക്കൾ വായ്പാ തുകയുടെ 0.35% തുക (മിനിമം 100/- രൂപ) വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുകയോ മാരകമായ രോഗത്തിന് അടിമപ്പെടുകനോ ചെയ്ത ഗുണഭോക്താക്കളുടെ ബാക്കി നിൽക്കുന്ന വായ്പാ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്.

**5. വലകൾക്കുള്ള സബ്സിഡി പദ്ധതി**

10 എച്ച്.പി-യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിയ്ക്ക് പരമാവധി 10,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

**6. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി**

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം, എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് വേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

**7. നാടൻ വള്ളങ്ങളുടെ നവീകരണം**

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

**8. മത്സ്യഫെഡ് മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതി**

മത്സ്യബന്ധനത്തിനിടയിൽ ഹൃദ്രോഗം, മസ്തിഷ്ക്കാഘാതം, ഉയർന്ന രക്തസമ്മർദ്ദം എന്നിവ മൂലം മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട അംഗങ്ങളുടെ കുട്ടികളുടേയും, ആശ്രിതരുടേയും മാരക രോഗങ്ങളുടേയും ചികിത്സക്കായും, പ്രകൃതിദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായും മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് അടിയന്തരാശ്വാസമായി 10,000/- രൂപ വരെയും നിത്യരോഗിയായി മാറിയിട്ടുള്ള തൊഴിലാളികൾക്ക് അവരുടെ ചികിത്സയ്ക്കായി 10,000/- രൂപ വരെയും അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര സഹായമായി 10,000/- രൂപ വരെയും നൽകി വരുന്നു.

[redacted]

### 9.മത്സ്യത്തൊഴിലാളി അപകട ഇൻഷുറൻസ് പദ്ധതി

മത്സ്യത്തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷുറൻസ് കമ്പനികളുമായി സഹകരിച്ച് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കിവരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. നിലവിലുള്ള ഇൻഷുറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 10 ലക്ഷം രൂപയും, മരണാനന്തര ചടങ്ങുകൾക്കായി 2500/-രൂപയും, മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10,000/-രൂപ (ഒരാളിന് അയ്യായിരം രൂപ വീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

### 10. പരിശീലനങ്ങൾ

പ്രാഥമിക സഹകരണ സംഘങ്ങളുടേയും മത്സ്യബന്ധന ഗ്രൂപ്പുകളുടേയും സ്വയം സഹായ സംഘങ്ങളുടേയും പ്രവർത്തനം ഊർജ്ജസ്വലമായി നിലനിർത്തേണ്ടതിന്, മത്സ്യഫെഡിന്റെ പദ്ധതികളെക്കുറിച്ച് മത്സ്യബന്ധന ഗ്രൂപ്പുകൾ, സ്വയംസഹായ ഗ്രൂപ്പുകൾ എന്നിവയിലെ അംഗങ്ങൾക്കായി ബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

1. സ്വയം സഹായ ഗ്രൂപ്പുകൾക്ക് സ്വയം സംരഭകത്വ പരിശീലന പരിപാടി
2. മത്സ്യഫെഡ് വായ്പ ഗുണഭോക്താക്കളുടെ സാമൂഹിക-സാമ്പത്തിക പഠനം.
3. വ്യാപാര വികസന പദ്ധതി (BDP) രൂപീകരണം
4. സഹകരണ സംഘങ്ങളുടെയും പദ്ധതികളുടെയും അവലോകന യോഗങ്ങൾ
5. എക്സിബിഷൻ, മേളകൾ എന്നിവയിൽ പങ്കാളിത്തം
6. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യഭ്യാസ അവാർഡ്

### B. ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കുന്നത്

മത്സ്യത്തൊഴിലാളികളുടെയും, അനുബന്ധത്തൊഴിലാളികളുടെയും സാമൂഹ്യ-സാമ്പത്തിക ക്ഷേമത്തിനുതകുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനുവേണ്ടി നിലവിൽ വന്നിട്ടുള്ള സ്ഥാപനമാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്. 1986 ജനുവരി 26-ാം തിയ്യതി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം കഴിഞ്ഞ 33 വർഷക്കാലം കൊണ്ട് മത്സ്യത്തൊഴിലാളി മേഖലയിൽ ഏറെ പ്രയോജനകരമായ പല ക്ഷേമപദ്ധതികളും വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി 17 ക്ഷേമപദ്ധതികളും ( ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് 5 പദ്ധതികളും, തനത് ഫണ്ട് ഉപയോഗിച്ച് 12 പദ്ധതികളും). അനുബന്ധത്തൊഴിലാളി കൾക്കായി 11 ക്ഷേമപദ്ധതികളും (ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് 4 പദ്ധതികളും, തനത് ഫണ്ട് ഉപയോഗിച്ച് 7 പദ്ധതികളും) നടപ്പിലാക്കി വരുന്നു.

ഓരോ വർഷത്തെയും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി പട്ടിക തയ്യാറാക്കുന്നതും, പ്രസിദ്ധീകരിക്കുന്നതും മത്സ്യബോർഡാണ്. കൂടാതെ ഫിഷറീസ് വകുപ്പ് തയ്യറാക്കുന്ന മത്സ്യത്തൊഴിലാളി കുടുംബ രജിസ്റ്ററിൽ ചേർക്കുന്ന മത്സ്യത്തൊഴിലാളി

അനുബന്ധത്തൊഴിലാളി,/പെൻഷണർമാർ എന്നിവരുടെ അംഗത്വം അംഗീകരിക്കുന്നതും മത്സ്യബോർഡിലെ ഫിഷറീസ് ഓഫീസർമാരാണ്. മത്സ്യബോർഡ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ താഴെ കൊടുക്കുന്നു.

### മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായം തുക |
|---|---|---|
| 1 | ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി<br>i) അപകടമരണം/കാണാതാകൽ/സ്ഥിരവും പൂർണ്ണവുമായ അവശത<br>ii) അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത<br>കുട്ടികളുടെ പഠന ചിലവ് ( 2 പേർക്ക് പരമാവധി)<br>iii) ശവസംസ്കാര ചിലവ്<br>) അപകടത്തെതുടർന്ന് 24 മണിക്കൂർ ആശുപത്രി ചികിത്സയ്ക്ക് (പരമാവധി) | 10,00,000/-<br>5,00,000/-<br>10,000/-<br>2500/-<br>25,000/- |
| 2 | വാർദ്ധക്യകാല പെൻഷൻ( (പ്രതിമാസം) | 1200/- |
| 3 | മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് പെൻഷൻ( വിധവാ പെൻഷൻ) | 1200/- |
| 4 | **തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതി വർഷം) ഗവൺമെന്റ് അനുവദിക്കുന്ന മുറയ്ക്ക്** | **1350/p** |
| 5 | **PMJJBY/PMSBY,Converged AABY |-²Xn** | |

| | Age 18-50 | | Age 51-59(old members) | |
|---|---|---|---|---|
| SCHEMES | PMJJBY | PMSBY | AABY | PMSBY |
| AGE | (18-50) | | (51-59) | (51-59) |
| NATURAL DEATH | 2,00,000 | --- | 30,000 | --- |
| ACCIDENTAL DEATH | 2,00,000 | 2,00,000 | 75,000 | 2,00,000 |
| TOTAL PERMANENT DISABILITY | -- | 2,00,000 | 75,000 | 2,00,000 |
| PARTIAL PERMANENT DISABILITY | -- | 1,00,000 | 37,500 | 1,00,000 |

Total permanent disability shown above includes the Death benefit (30000). The split being 30000+45000

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായം തുക |
|---|---|---|
| 6 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചിലവ് | 600/- |
| 7 | മത്സ്യബന്ധനസമയത്തോ, തൊട്ടുപിന്നാലെയോ അപകടംകൊണ്ടല്ലാതെയുള്ള മരണം | 50,000/- |
| 8 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000/- |
| 9 | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്കുള്ള ധനസഹായം | 15,000/- |
| 10 | എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്<br>10എ+ലഭിക്കുന്നവർക്ക്<br>9എ+ലഭിക്കുന്നവർക്ക്<br>8എ+ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോസ്കൂളിലേയും) | 5,000/-<br>4,000/<br>3,000/-<br>3000/- |
| 11 | കുടുംബ സംവിധാന പദ്ധതി | 500/- |

| | | |
|---|---|---|
| 12 | മാരകരോഗചികിൽസാ പദ്ധതി (പരമാവധി) | 50,000/- |
| 13 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5000/- |
| 14 | പ്രസവ ശുശ്രൂഷാ ധനസഹായം | 750/- |
| 15 | ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം പ്ലസ് 2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | 5000/- രൂപ |
| | വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ നേടുന്നവർക്ക് | 5000/- രൂപ |
| 16 | കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം. | |
| | **അ. ദേശീയതലത്തിൽ** | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 10,000 രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 8,000 രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 5,000 രൂപ |
| | **ദേശീയമത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക്** (ഗ്രൂപ്പ്അടിസ്ഥാനത്തിൽ) | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 8,000 രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 5,000 രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 3,000 രൂപ |
| | **ആ. സംസ്ഥാന തലത്തിൽ** | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 5,000 രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 3,000 രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 2,000 രൂപ |
| | **ഗ്രൂപ്പ് അടിസ്ഥാനത്തിൽ** | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 3,000 രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 2,000 രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 1,000 രൂപ |
| 17 | അപകടം മൂലമുള്ള താൽക്കാലിക അവശത | 500/- |

## അനുബന്ധത്തൊഴിലാളി ക്ഷേമ പദ്ധതി

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായ തുക |
|---|---|---|
| 1 | ഗ്രൂപ്പ് ഇൻഷുറൻസ് | |
| | i) അപകടമരണം/അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത | 10,00,000/- |
| | ii) അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത | 5,00,000/- |
| | iii) കുട്ടികളുടെ പഠന ചിലവ് ( 2 പേർക്ക് പരമാവധി) | 10,000/- |
| | iv) ശവസംസ്കാര ചിലവ് | 2,500/- |
| | v) അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിൽസയ്ക്ക് ധനസഹായം( പരമാവധി ) | 25,000/- |
| 2 | വാർദ്ധക്യകാല പെൻഷൻ( പ്രതിമാസം) | 1200/- |
| 3 | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം | 15,000/- |
| 4 | പ്രസവശുശ്രൂഷാ ധനസഹായം | 750/- |

| | | |
|---|---|---|
| 5 | എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്<br>10 എ പ്ലസ് ലഭിക്കുന്നവർക്ക്<br>9 എ പ്ലസ് ലഭിക്കുന്നവർക്ക്<br>8 എ പ്ലസ് ലഭിക്കുന്നവർക്ക്<br>[illegible] ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലെയും) | 5,000/-<br>4,000/<br>3,000/-<br>3000/- |
| 6 | [illegible]ചികിത്സാ പദ്ധതി (പരമാവധി) | 25,000/- |
| 7 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ത്തിന് ധനസഹായം | 10,000/- |
| 8 | കുടുംബ സംവിധാന പദ്ധതി | 500/- |
| 9 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം<br>പ്ലസ്2 പരീക്ഷയിൽ എല്ലാ വിഷയത്തിലുംഎ+ ലഭിക്കുന്നവർക്ക്<br>വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ നേടുന്നവർക്ക് | 5000/- രൂപ<br>5000/- രൂപ |
| 10 | തണൽ മത്സ്യത്തൊഴിലാളി /അനുബന്ധത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിക്കുന്ന മുറയ്ക്ക് | 1350/- |
| 11 | **PMJJBY/PMSBY,Converged AABY** | |

| SCHEMES | PMJJBY | PMSBY |
|---|---|---|
| AGE | (18-50) | |
| NATURAL DEATH | 2,00,000 | --- |
| ACCIDENTAL DEATH | 2,00,000 | 2,00,000 |
| TOTAL PERMANENT DISABILITY | -- | 2,00,000 |
| PARTIAL PERMANENT DISABILITY | -- | 1,00,000 |

## 2018-19 വർഷത്തിൽ മത്സ്യബോർഡ് വിതരണം ചെയ്ത ധനസഹായം

**സർക്കാർ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം (FM) | തുക (FM) | ഗുണഭോക്താക്കളുടെ എണ്ണം (AW) | തുക (AW) |
|---|---|---|---|---|---|
| 1 | മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി | 221 | 6,45,23,673/- | 4 | 72,932/- |
| 2 | വാർദ്ധക്യകാല പെൻഷൻ | 45983 | 25,74,93,400/- | 7514 | 42070700/- |
| 3 | മത്സ്യത്തൊഴിലാളി വിധവ പെൻഷൻ | 9215 | 5,15,78,700/- | | |
| 4 | PMJJBY/PMSBY, കൺവേർജ്ഡ് ആംആദ്മി പദ്ധതി | 425 | 1,64,55,000/- | | |
| 5 | തണൽ പദ്ധതി - സാമ്പത്തിക സഹായ പദ്ധതി-(FM+AW) | 164075 | 9,84,45,000/- | | |
| ആകെ | | 219919 | 48,84,95,773/- | 7518 | 4,21,43,632/- |

## തനത് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം (FM) | തുക (FM) | ഗുണഭോക്താക്കളുടെ എണ്ണം (AW) | തുക (AW) |
|---|---|---|---|---|---|
| 6 | മത്സ്യബന്ധനസമയത്താ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെയുള്ള മരണം @ 50,000/ | 70 | 34,70,000 | --- | -- |
| 7 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം @ 10,000/ | 3807 | 3,80,61,500 | 564 | 5640000 |
| 8 | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്കുള്ള ധനസഹായം @ 15,000 | 666 | 99,48,000 | 94 | 13,96,000 |
| 9 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചിലവ് @ 600 | 49 | 29,400 | -- | -- |
| 10 | എസ്.എസ്.എൽ.സി ക്യാഷ് അവാർഡ് ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം | 748 | 38,88,000 | 142 | 6,17,000 |
| 11 | കുടുംബ സംവിധാന പദ്ധതി @500 | 4 | 2000 | | |
| 12 | മാരകരോഗചികിൽസാ പദ്ധതി (പരമാവധി 50,000/) | 308 | 87,30,544 | 46 | 7,20,034 |
| 13 | ചെയർമാൻസ് റിലീഫ് ഫണ്ട് (പരമാവധി 5,000/ ) | 21 | 94,000 | | |
| 14 | ബോർഡിന്റെ പ്രത്യേക ധനസഹായം | 4 | 75,000 | 1 | 5000 |
| 15 | പ്രസവ ശുശ്രൂഷാ ധനസഹായം 750/ | 27 | 20,250 | 4 | 3000 |
| 16 | അപകടം മൂലമുള്ള താൽക്കാലിക അവശത 500/ | 14 | 7000 | -- | -- |
| 17 | കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം. | 62 | 2,99,000 | -- | -- |
| 18 | അടിയന്തിര ധനസഹായം | | 7,50,000/ | | |
| | ആകെ | 5780 | 6,53,74,694/ | 814 | 83,81,034/- |
| | തനത് ഫണ്ട് ഉപയോഗിച്ച് ചെലവാക്കിയ തുക (2018-19) | | 7,37,55,728/ | | |

സെക്ഷൻ ഓഫീസർ